പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1608 1-11-2019-ന് മറുപടിയ്ക്ക്

## കൊരട്ടിച്ചാലിലെ ആർ.കെ.വി.വൈ പദ്ധതി

**ചോദ്യം**

ശ്രീ. ബി. ഡി ദേവസ്സി

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽ ആർ.കെ.വി.വൈ പ്രകാരം അനുവദിച്ച കൊരട്ടിച്ചാൽ സംരക്ഷണ- നവീകരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തികരിച്ചിട്ടുള്ളത്; | (എ) | കൊരട്ടിച്ചാൽ സംരക്ഷണ-നവീകരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി പൂർത്തികരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കനാൽ താഴ്ച കൂട്ടലും ബണ്ട് നിർമ്മാണവും 2,225 മീറ്റർ പൂർത്തികരിച്ചു.<br>2. 10 മീറ്റർ സ്പാനുള്ള സ്ലൂയിസ് പണി പൂർത്തികരിച്ചു.<br>3. രണ്ട് പൈപ്പ് സ്ലൂയിസ് നിർമ്മാണം പൂർത്തികരിച്ചു. (ട്രാക്ടർ റാമ്പിന് പകരം)<br>4. നാല് പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചു. |
| (ബി) | ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ പൂർത്തികരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഒന്നാം ഘട്ട പദ്ധതി പ്രകാരം നിലവിൽ അനുമതി കിട്ടിയ പ്രവർത്തികളിൽ രണ്ട് ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം സ്ഥലം ലഭ്യമല്ലാത്തതിനാൽ പാടശേഖര സമിതികളുടെ ശുപാർശ പ്രകാരം ഉപേക്ഷിച്ചു. പെട്രോനൈറ്റ് സിസികെ ലിമിറ്റഡ് പൈപ്പ് ലൈൻ കടന്നു പോകുന്ന 76.00 മീറ്റർ ദൂരം കൊരട്ടിച്ചാലിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിക്കാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ മറ്റു പ്രവർത്തികൾ ഒന്നും പൂർത്തികരിക്കുവാനില്ല. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിനും പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനും രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | രണ്ടാം ഘട്ടത്തിൽ 2,64,60,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

Sainu. V

സെക്ഷൻ ഓഫീസർ